# Mathrubhumi

# 22 August 2018

# Vypin, Rescue Workers, After Flood



## സലിംകുമാറെത്തും, ജീവൻ രക്ഷിച്ചവർക്ക് നന്ദി പറയാൻ

**വൈപ്പിൻ** ▸ മഹാ പ്രളയത്തിൽ രക്ഷകരായി മാറിയ മത്സ്യത്തൊഴിലാളികൾക്ക് ഗോശ്രീ കവലയിൽ ബുധനാഴ്ച ഒരുക്കുന്ന സ്വീകരണ ചടങ്ങിൽ നടൻ സലിംകുമാറെത്തും;

അതിഥിയായല്ല, ജീവൻ രക്ഷിച്ചവർക്ക് നന്ദി പറയാൻ. തന്നെയും കുടുംബത്തെയും രക്ഷിച്ച മാലിപ്പുറം സ്വദേശി കൈതവളപ്പിൽ സുനിലിൻെറ വീട്ടിലും കയറിയേ സലിംകുമാർ മടങ്ങൂ.

മാലിപ്പുറം മത്സ്യത്തൊഴിലാളി സഹകരണ സംഘം പ്രസിഡൻറ് കൂടിയായ സുനിൽ (48) കുറെ നാളുകളായി കടലിൽ പോയിട്ട്. സംഘം പ്രസിഡൻറായതിനാൽ എസ്. ശർമ എം.എൽ.എ. ആവശ്യപ്പെട്ടപ്പോൾ മറ്റൊന്നും ആലോചിച്ചില്ല.

കോസ്റ്റ് ഗാർഡിലെ താത്കാലിക ജീവനക്കാരായ മത്സ്യത്തൊഴിലാളികളായ പ്രസാദ് പോണത്ത്, രാജീവ് പുളിക്കൽ, മഹേ

നടൻ സലിംകുമാറിനെയും കുടുംബത്തെയും രക്ഷപ്പെടുത്തിയ കൈതവളപ്പിൽ സുനിൽ

രക്ഷപ്പെടുത്തേണ്ടവരെ കുറിച്ച് അവിടെയെത്തിയപ്പോൾ തന്നെ നിർദേശം ലഭിച്ചിരുന്നു. ചിറ്റാറ്റുകര കേന്ദ്രീകരിച്ചായിരുന്നു ഇവരുടെ പ്രവർത്തനം. കുഞ്ഞുങ്ങളും പ്രായമായവരുമടക്കം 32

ലുണ്ടായിരുന്നു. ഒരു കുഞ്ഞിനെ ആംബുലൻസിലേക്കാണ് കൈമാറിയത്.

തുടർച്ചയായി രണ്ടു ദിവസം നടത്തിയ പ്രവർത്തനങ്ങളിൽ 700-ലേറെ പേരെയാണ് രണ്ട് ബോട്ടുകളിലുമായി രക്ഷപ്പെടുത്തിയത്. പ്രളയത്തിൽ ഒഴുകി വന്ന തേങ്ങ പിളർന്ന് അത് മാത്രം കഴിച്ചാണിവർ ആദ്യ ദിവസം കഴിഞ്ഞത്.

രക്ഷാപ്രവർത്തനങ്ങൾക്കിടയിൽ ഒരു ഇരുനില വീട്ടിൽനിന്നുള്ള കരച്ചിൽ കേട്ടാണ് അവരെ രക്ഷിക്കാനടുത്തത്. എത്തിയപ്പോഴാണറിയുന്നത് നടൻ സലിംകുമാറും കുടുംബവുമാണെന്ന്. കുടുംബാംഗങ്ങളും സുരക്ഷിതത്വം തേടിയെത്തിയവരുമടക്കം 32 പേരാണ് അവിടെ ഉണ്ടായിരുന്നത്.

നാലുദിവസമായി ഭക്ഷണം പോലും കഴിക്കാതെയാണ് തങ്ങൾ കഴിഞ്ഞതെന്ന് സലിം